എൻ.എസ്.എഫ് പ്രതിഷേധിച്ചു

തിരുവനന്തപുരം: മാറുമറയ്ക്കൽ അവകാശസമരത്തെ കുറിച്ചുള്ള പാഠഭാഗം എൻ.സി.ഇ.ആർ.ടി പാഠപുസ്തകത്തിൽ നിന്ന് ഒഴിവാക്കിയ നടപടി പ്രതിഷേധാർഹമാണെന്നും തീരുമാനം പുനഃപരിശോധിക്കണമെന്നും നാടാർ സർവീസ്ഫോറം (എൻ.എസ്.എഫ്) ആവശ്യപ്പെട്ടു. ഇക്കാര്യം ആവശ്യപ്പെട്ട് തമിഴ്നാട് നാടാർ മഹാജന സംഘവുമായി ചേർന്ന് കേന്ദ്ര സർക്കാരിനെ സമീപിക്കുമെന്നും എൻ.എസ്.എഫ് ജനറൽ സെക്രട്ടറി ചൊവ്വര സുനിൽകുമാർ അറിയിച്ചു.

ബംഗാളിയുടെ ബന്ധുക്കളെത്തി; മൃതദേഹം ശാന്തികവാടത്തിൽ സംസ്കരിച്ചു

കൊലപാതകിക്കായി പൊലീസ് ബംഗാളിലേക്ക്

ആറ്റിങ്ങൽ: ഹോളോബ്രിക്സ് കമ്പനിയുടെ ഓഫീസിൽ കൂട്ടുകാരന്റെ കത്തേറ്റ് മരിച്ചതെന്ന് സംശയിക്കുന്ന ബംഗാൾ തൊഴിലാളി ബിമൽ ബാറയുടെ (39) മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി തിരുവനന്തപുരം ശാന്തികവാടത്തിൽ സംസ്കരിച്ചു.

തിങ്കളാഴ്ച വൈകിട്ട് 4.30 മണിയോടെയാണ് സംസ്കാര ചടങ്ങുകൾ നടന്നത്. ചിതാഭസ്മവുമായി ബന്ധുക്കൾ ഇന്നലെ നാട്ടിലേക്ക് മടങ്ങി. മാർച്ച് 10ന് രാവിലെയാണ് കൊലപാതകം അറിയുന്നത്. വ്യക്തമായ രേഖകൾ ഇല്ലാതിരുന്നതിനാൽ പൊലീസ്, മൊബൈൽ നമ്പർ തപ്പിയെടുത്ത്, സൈബർ സെല്ലിന്റെ സഹായത്തോടെ അ

കൊല്ലപ്പെട്ട ബിമൽ ബാറ

തിലെ നമ്പരുകൾ ശേഖരിച്ചാണ് വീട്ടുകാരെ വിവരം അറിയിച്ചത്.

അതുകൊണ്ടുതന്നെ ദിവസങ്ങളോളം മൃതദേഹം മെഡിക്കൽ കോളേജ് മോർച്ചറിയിലായിരുന്നു. മൃതദേഹം എംബാം ചെയ്താണ് സൂക്ഷിച്ചിരുന്നത്. ബന്ധുക്കൾ എത്തിയപ്പോഴാണ് കൊല്ലപ്പെട്ട ബിമലിന്റെ മേൽവിലാസംപോലും അറിയുന്നത്. വെസ്റ്റ് ബംഗാൾ ജൽപായ് ഗുരി ബനാർഹർഡ് പൊലീസ് സ്റ്റേഷൻ അതിർത്തിയിലെ ടി. ഗാർഡൻ ബനാറസ് ലെയ്ൻ ഗയർ ഖഥയിൽ സോത്ര ബാറയുടെ മകനാണ് ബിമൽ ബാറ.

തിങ്കളാഴ്ച വെളുപ്പിന് 2ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ എത്തിയ ബിമൽ ബാറയുടെ അനുജൻ സിമൽ ബാറ, അച്ഛന്റെ അനുജന്റെ മക്കളായ രാജ് ബാറ, അമിത് ബാറ എന്നിവർ നേരെ പോയത് ചിറയിൻകീഴിൽ ബന്ധു താമസിക്കുന്ന സ്ഥലത്താണ്. അവിടെനിന്ന് ബന്ധുവിനൊപ്പം ആറ്റിങ്ങൽ സ്റ്റേഷനിൽ എത്തുകയായിരുന്നു. ഇടർന്ന് മെഡിക്കൽ കോളേജിൽ എത്തി മൃതദേഹം തിരിച്ചറിഞ്ഞു.

മൃതദേഹം കൊണ്ടുപോകാനുള്ള ചെലവുകൾ കൂട്ടുതലായതിനാൽ ഇവിടെത്തന്നെ സംസ്കരിച്ച് ചിതാഭസ്മവുമായി മടങ്ങുകയായിരുന്നു. കൊല്ലപ്പെട്ട ബിമൽ ബാറയ്ക്ക് രണ്ട് ഭാര്യമാരിലായി മൂന്നു കുട്ടികളുണ്ട്.

ആദ്യ ഭാര്യ രണ്ട് കുട്ടികളെ ഉപേക്ഷിച്ച് പോയിരുന്നു. ബിമൽ ബാറ കൊല്ലപ്പെട്ടതായി കണ്ടെത്തിയ ദിവസംതന്നെ കൂടെയുണ്ടായിരുന്ന ബംഗാൾ സ്വദേശി അമലിനെ കാണാതാവുകയായിരുന്നു.

അമൽ ബംഗാളിലേക്ക് കടന്നു

അമൽ അന്നു തന്നെ ബംഗാളിലേക്ക് കടന്നതായാണ് വിവരം. ഇതോടെ, ഇന്നലെ ആറ്റിങ്ങൽ സ്റ്റേഷനിലെ 5 പൊലീസ് ഉദ്യോഗസ്ഥർ വെസ്റ്റ് ബംഗാളിലേക്ക് തിരിച്ചിട്ടുണ്ട്. ബിമൽ ബാറയുടെ വീട്ടിന് 12 കിലോമീറ്റർ അകലെയാണ് പ്രതിയെന്നു സംശയിക്കുന്ന അമലിന്റെ വീട്. ഉടൻ ഇയാളെ അറസ്റ്റു ചെയ്യുമെന്ന് ഡിവൈ.എസ്.പി ഫേമസ്വർഗീസ്, സി.ഐ സിബിച്ചൻ ജോസഫ്എന്നിവർ പറഞ്ഞു.

നെടുമങ്ങാട് ഡിപ്പോയിൽ സംഘർഷം; പൊലീസുകാരിയടക്കം മൂന്നു പേർക്ക് പരിക്ക്

നെടുമങ്ങാട്: വിദ്യാർത്ഥിനിയെ കൈയേറ്റം ചെയ്തെന്നാരോപിച്ച് ഒരുസംഘം വിദ്യാർത്ഥികൾ കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ഡിപ്പോയിൽ അക്രമം കാട്ടി. മർദ്ദനത്തിൽ ഒരു വനിതാ പൊലീസിനും രണ്ടു ജീവനക്കാർക്കും പരിക്കേറ്റു.

സംഭവവുമായി ബന്ധപ്പെട്ട് പത്താംക്ലാസ് വിദ്യാർത്ഥിനിയെയും പനവൂരിലെ സ്വകാര്യ കോളേജിൽ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥിയായ അൽത്താഫിനെയും നെടുമങ്ങാട് പൊലീസ് കസ്റ്റഡിയിലെടുത്തു. ഡ്യൂട്ടി തടസപ്പെടുത്തിയതിനാണ് കേസ്.

ഡിപ്പോ ജീവനക്കാരെ മർദ്ദിച്ചതിന് കണ്ടാലറിയാവുന്ന മറ്റു ചില വിദ്യാർത്ഥികൾക്കെതിരെയും കേസെടുത്തു. ഇന്നലെ വൈകിട്ട് അഞ്ചരയോടെയാണ് അക്രമമുണ്ടായത്.

ഡിപ്പോയിൽ ഏറെനേരം തങ്ങിയ പെൺകുട്ടിയെ ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ സിവിൽ പൊലീസ് ഓഫീസർ സീനത്ത് വിവരങ്ങൾ ചോദിച്ചറിയാൻ ശ്രമിച്ചതാണ് അക്രമത്തിന് കാരണം.

സീനത്തും വിദ്യാർത്ഥിനിയും തമ്മിൽ വാക്കേറ്റമായതോടെ തടിച്ചുകൂടിയ യൂണിഫോമണിഞ്ഞ ആൺകുട്ടികൾ പൊലീസുകാരിയുടെ മൊബൈൽ ഫോൺ തട്ടിപ്പറിച്ചു. ഡിപ്പോയിലെ ഡ്രൈവർ സിയാദ്, പേരൂർക്കട ഡിപ്പോയിലെ കണ്ടക്ടർ കെ.എസ്. ബൈജു എന്നിവർ ഇത് തടഞ്ഞു.

വിദ്യാർത്ഥികൾ വളഞ്ഞതോടെ ഡിപ്പോയിലെ സെക്യൂരിറ്റി റൂമിലേയ്ക്ക് ഓടിയ സിയാദിനെയും ബൈജുവിനെയും പിന്നാലെയെത്തിയ വിദ്യാർത്ഥി സംഘം മർദ്ദിച്ചതായും പരാതിയുണ്ട്. വനിതാ ജീവനക്കാരുടെ വിശ്രമ മുറിയിലെ മേശയും ഇരിപ്പിടങ്ങളും വലിച്ചെറിഞ്ഞു.

ബൈജുവിന്റെ ഇടതുകണ്ണിനും നെഞ്ചിനും സാരമായ പരിക്കേറ്റു. ഇതവരും നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. കൂടുതൽ പൊലീസെത്തി സ്ഥിതിഗതികൾ ശാന്തമാക്കി. പെൺകുട്ടിയെയും അൽത്താഫിനെയും കസ്റ്റഡിയിലെടുത്തു.

പെൺകുട്ടിയെ പിന്നീട് രക്ഷിതാക്കളെ വിളിച്ചു വരത്തി വിട്ടയച്ചു. സംഭവത്തെ കെ.എസ്.ആർ.ടി.ഇ.എ (സി.ഐ.ടി.യു) നോർത്ത് ജില്ലാ കമ്മിറ്റി അപലപിച്ചു.

ജീവനക്കാരെ ആക്രമിച്ചവരെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് നോർത്ത് ജില്ലാ പ്രസിഡന്റ് ആർ.വി. ഷൈജുമോൻ ആവശ്യപ്പെട്ടു.

പ്രസവാവധിക്കുപോയ യുവതിക്ക് കോടതി വിധിച്ചിട്ടും പുനർനിയമനമില്ല

തിരുവനന്തപുരം: പ്രസവാവധിക്കുപോയ സമയത്ത് പിരിച്ചവിട്ട ജീവനക്കാരിയെ കോടതി വിധിയും മനുഷ്യാവകാശ കമ്മിഷൻ ഉത്തരവുമുണ്ടായിട്ടും തിരിച്ചെടുക്കുന്നില്ലെന്ന് പരാതി.

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയുടെ ലൈബ്രേറിയൻ ദീപാ ദാസാണ് പരാതിക്കാരി. പ്രസവാവധിക്ക് പോയ ദീപയെ പിരിച്ചുവിടുകയും പകരം പുതിയ ആളെ നിയമിക്കയും ചെയ്തതായി പരാതിയിൽ പറയുന്നു.

ഇതിനെതിരെ ദീപ മനുഷ്യാവകാശ കമ്മിഷനെ സമീപിച്ചു. പരാതിക്കാരിയെ ജോലിയിൽ തുടരാൻ അനുവദിക്കണമെന്ന് കമ്മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി. എന്നാൽ ഉത്തരവ് നടപ്പാക്കിയില്ല. ഇതിനെതിരെ ദീപ ഹൈക്കോടതിയെ സമീപിച്ചു.

പകരം നിയമിച്ചയാളെ ഒരു മാസത്തിനകം പിരിച്ചുവിട്ട് ദീപയെ നിയമിക്കാൻ സിംഗിൾ ബെഞ്ച് ഉത്തരവിട്ടു. ഇതിനെതിരെ സർക്കാർ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ സമർപ്പിച്ചെങ്കിലും സിംഗിൾ ബെഞ്ച് വിധി ശരി വയ്ക്കുകയായിരുന്നു. ഇതുപ്രകാരം പുതിയതായി നിയമിച്ചയാളെ പിരിച്ചുവിട്ടെങ്കിലും ദീപയെ തിരികെ നിയമിക്കാൻ അധികൃതർ തയ്യാറായില്ല.

പിരിച്ചവിട്ട ഒഴിവ് നിലനിൽക്കുമ്പോഴും ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഫയലിൽ തിരുമാനമെടുക്കാതെ മാറ്റിവച്ചിരിക്കുകയാണെന്നാണ് നാഷണൽ ലേബർ ഓർഗനൈസേഷൻ ആരോപിക്കുന്നത്. ഇതിനെതിരെ ഉന്നതവിദ്യാഭ്യാസ മന്ത്രിക്കും മുഖ്യമന്ത്രിക്കും പരാതി നൽകുമെന്നും ലേബർ ഓർഗനൈസേഷൻ സെക്രട്ടറി ഡി. ക്രിസ്തുദാസ് പറഞ്ഞു.

ഇന്ന്

ഗാന്ധിപാർക്ക്: കേരള വാട്ടർ അതോറിട്ടി എംപ്ലോയീസ് യൂണിയന്റെ (സി.ഐ.ടി.യു) ജാഗ്രതാ സദസ്, ഉദ്ഘാടനം മന്ത്രി എം.എം. മണി -5.15ന്

മന്നം മെമ്മോറിയൽ നാഷണൽ ക്ലബ്: രാജസേനനെക്കുറിച്ചുള്ള പുസ്തകത്തിന്റെ (രാജസൂയം) പ്രകാശനം, സുരേഷ് ഗോപി എം.പി, കുമ്മനം രാജശേഖരൻ -5ന്

ജോയിന്റ് കൗൺസിൽ ഹാൾ: ഇസ്ലാം സാമൂഹിക പരിഷ്കർത്താവ് ജാമിത ടീച്ചർ സംസാരിക്കുന്നു - 5ന്

മേഴത്തൂർ വൈദ്യമഠം ട്രസ്റ്റ് ഹാൾ: വൈദ്യമഠം അനുസ്മരണം -9ന്

പദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം- 6.15ന്

കോട്ടയ്ക്കകം അഭേദാശ്രമം: അഷ്ടപതിക്ലാസ് -5.15ന്, ഭജന- 7ന്

ഉള്ളൂർ ശ്രീ ഇളങ്കാവിൽ ഭഗവതി ക്ഷേത്രം: തൃക്കല്യാണ മഹോത്സവം, ആറാം ദിവസം

ഉള്ളൂർ കൊല്ലവിള ശ്രീ ഭദ്രാദുർഗാദേവീക്ഷേത്രം: പൂരമഹോത്സം -മൂന്നാം ദിവസം

പൂജപ്പുര ശ്രീ നട്ടുതല ഭഗവതി ക്ഷേത്രം: കളമെഴുത്ത് പാട്ടും ചിത്തിര മഹോത്സവവും -നാലാം ദിവസം

പേട്ട കാഞ്ഞിരവിളാകം ക്ഷേത്രം: 60ാംമത് വാർഷിക വില്ലിൽ തൃക്കമഹോത്സം -പത്താം ദിവസം

നിരുവാമൂട് മൊട്ടമൂട് മേലാങ്കോട് ദേവീക്ഷേത്രം: അത്തം തിരുനാൾ മഹോത്സവം - മൂന്നാം ദിവസം

കൊല്ലംകോണം തോട്ടനടക്കാവ് തമ്പുരാൻ ദേവീക്ഷേത്രം: പുനഃപ്രതിഷ്ഠാ വാർഷികം - നാലാം ദിവസം

കുളത്തൂർ ചെമ്പകത്തിൻമൂട് ശ്രീയോഗീശ്വര ദേവീക്ഷേത്രം: പ്രതിഷ്ഠാവാർഷികം -ആറാം ദിവസം

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - കോടതി സമക്ഷം ബാലൻ വക്കിൽ (M- 11.15, 2.30, 6.15,9.30)
■SCREEN 2 -JUNE (M-11.15,2.30,6.15,9.30)
■SCREEN 3 - 9 (M-11.15,2.30,6.15,9.30)
■ശ്രീകുമാർ (2331222) :: NO SHOWS
■ശ്രീവിശാഖ് (2331222):: സൂത്രക്കാരൻ (M- 11.15) ,LKG (T-2.30,6.15,9.30)
■ശ്രീപത്മനാഭ (2473999) :: ഞാൻ പ്രകാശൻ (M- 11.00),HELLO (T-2.30,6.00,9.30)
■ദേവിപ്രിയ (2473999) :: കോടതി സമക്ഷം ബാലൻ വക്കിൽ (M-11.00,2.30, 6.00,9.30)
■അജന്ത (2472825):: OLD IS GOLD (M- 11.30am) ISPADE RAJAVUMIDHAYA RANIYUM (T- 2.30,6.30,9.45)
■കൃഷ്ണ :: CAPTAIN MARVEL (E-3D 9.30am, 10.30am, 1.30pm, 4.20pm, 7.15pm, 10.15pm) THADAM (T-12.30, 9.30pm) വാരിക്കുഴിയിലെകൊലാതകം (M- 3.30pm) BADLA (H- 6.3pm)
■കലാഭവൻ :: പത്മവ്യൂഹത്തിലെ അഭിമന്യു (M- 11.30), കുമ്പളങ്ങിനൈറ്റ്സ് (M- 2.30,6.15,9.30)
■സെൻട്രൽ (2462865) :: BARBARIAN (E- 11.30,2.30,6.30,9.30)
■കൈരളി (2332747) :: ബ്രിട്ടീഷ്ബംഗ്ലാവ് (M- 11.30), മുല്ലപ്പൂവിപ്ലവം (M- 2.30),LKG (T-6.30,9.30)
■ശ്രീ (2332747) :: കുംബളങ്ങിനൈറ്റ്സ് (M- 11.15, 2.30,6.15,9.30)
■നിള (2332747) :: OLD IS GOLD (M- 11.30, 2.30,) വസന്തത്തിന്റെകനൽവഴികൾ (M-6.15)
അരയക്കടവിൽ (M- 9.30)
■ലെനിൻസിനിമ :: കുംബളങ്ങിനൈറ്റ്സ് (M- 11.00am, 11.00pm).
AN INTERNATIONAL LOCAL STORY (M - 2.15,5.30), URI (H - 8.30 pm)
■ധന്യ (2476773):: BADLA (H- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: CAPTAIN MARVEL (E-3D 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- CAPTAIN MARVELL (E- 11.30, 2.45, 7.00, 10.15)
■Audi 2- ISPADE RAJAVUMIDHAYA RANIYUM (T- 10.30, 7.15) JULY KATRIL (T- 1.15) LKG (T- 4.15pm, 10.15pm)
■Audi 3- GULLY BOY (H- 11.00am) MERE PYARE PRIME MINISTER (H- 2.00pm) WONDER PARK (E- 4.30pm, 7.15 pm) HALO (H- 10.15pm)
■Audi 4 - THADAM (T- 10.30, 4.15, 10.15) BDLA (H- 1.30pm, 4.15 pm)
■Audi 5 - കുംബളങ്ങിനൈറ്റ്സ് (M- 11.30, 2.45, 7.00, 10.15)
■Audi 6 - ജൂൺ (M- 10.30, 2.45, 7.00, 10.15pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: LKG (T- 11.15, 9.30) പത്മവ്യൂഹത്തിലെ അഭിമന്യു (M- 6.15),
JUNE (M- 6.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666):: കുംബളങ്ങിനൈറ്റ്സ് (M- 11.15, 9.30)
കോടതി സമക്ഷം ബാലൻ വക്കീൽ (M- 2.30,6.15)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കാന്തംകുളം കൊച്ചുണ്ണി (M- 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997):: THADAM (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973):: ഞാൻ പ്രകാശൻ (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973):: KGF (T- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244):: ജനാധിപൻ (M- 11.15, 2.15), ജോസഫ് (M- 6.15, 9.15)
■ആറ്റിങ്ങൽ തപസ്യ (3291113) :: സൂത്രക്കാരൻ (M- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: OTTAM (M- 11.15, 3.00, 6.30)
ദൈവം സാക്ഷി (M- 9.45)
■വർക്കലഎസ്.ആർ (04702602339) :: CAPTAIN MARVELL (E.3D- 11.00, 2.30, 6.15, 9.30)
■വർക്കല വിമല (9895233785):: HELLO (T- 11.00, 3.00, 6.30, 9.45)
■വർക്കലസ്റ്റാർ സിനിമ (2602344) :: കോടതി സമക്ഷം ബാലൻ വക്കീൽ (M - 11.00, 6.15),
കുംബളങ്ങിനൈറ്റ്സ് (M- 2.30, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302):: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: HELLO (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: JULY KATRIL (M- 11.00, 2.30),
മേരെപ്യാരെ ദേശ് വാസിയോം (M, 6.15, 9.30)
■നെടുമങ്ങാട് റാണി :: screen 1 : കോടതി സമക്ഷം ബാലൻ വക്കീൽ (M-11.0, 6.15) , കുംബളങ്ങിനൈറ്റ്സ് (M- 2.30, 9.30)
screen 2 : CAPTEN MARWELL (E-3D -11.00, 2.30, 6.15, 9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളിശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരുപഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമ്പിൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15)
അച്ഛം എമ്പത് മടമയ്യെ (T- 11.00, 9.15)
■നെയ്യാറ്റിൻകര ശ്രുതി :: പഞ്ചവർണതത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: Tela 1- CAPTAIN MARVEL (E-3D 11.15, 2.30, 6.15, 9.30) ■Tela 2- കുംബളങ്ങിനൈറ്റ്സ് (M- 11.00, 9.45) കോടതി സമക്ഷം ബാലൻ വക്കീൽ (M-2.15, 6.30)
■പോത്തൻകോട് എച്ച്കെ സിനിമാസ് (0471-2715555, 9447060600):: OLD IS GOLD (T- 11.15, 2.30, 6.15)
THADAM (T-9.30)
■വെഞ്ഞാറമൂട് സിസ്വ (9746159088):: കുംബളങ്ങിനൈറ്റ്സ് (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15)
screen 2- വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618):: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് യമുനലക്ഷ്മി (9895614787) :: വാരിക്കുഴിയിലെകൊലാതകം (M-2.30, 6.30, 9.30)
■പേയാട് എസ്.പി സിനിമ (0471-2289053) :: കോടതി സമക്ഷം ബാലൻ വക്കീൽ (M- 11.00, 2.30, 6.30, 9.30)
■കല്ലറ ARS (9526906021):: കമ്മാരസംഭവം (M- 2.30, 6.30)
■പടന്താലുംമൂട് IMP :: HELLO (T- 11.00, 2.30, 6.30 9.30)
■കാട്ടാക്കട സുരലയം: (9188628546) :: ■സ്വരം - JULY KAATRIL (T- 11.30, 2.30) കുംബളങ്ങിനൈറ്റ്സ് (M- 6.30, 9.30)
■ലയം - HELLO (T- 11.15, 2.15, 6.15, 9.15) Eveletexpernateetlamharchiciatadquibustprorrempore earum fugitat

തിരുവനന്തപുരം കുടുംബ കോടതിയിൽ

2017 OP No. 70

Rohini. R.C. D/o Chithra, Krishna Sadhanam, Anbhuthengu Veedu, Painkulam P.O., Painkulam Village, Vilavancode Taluk, Kannyakumari- 629173 : ഹർജിക്കക്ഷി

Chithra.P.G., D/o Parameswari Amma, T.C. 52/3000, Aswini Bhavan, Kalpaka Gardens, Pappanamcode P.O., Nemom Village, Thiruvananthapuram : എതിർകക്ഷി

ടി എതിർകക്ഷിയെ തെര്യപ്പെടുത്തുന്നത്. ചെലവിന് കിട്ടുന്നതിനും വിവാഹ ചെലവിനും മറ്റുമായി ഹർജിക്കക്ഷി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹർജി 08.4.19-ൽ വിചാരണ വച്ചിട്ടുള്ളതും അന്നേ ദിവസം പകൽ 11 മണിക്ക് താങ്കൾ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം താങ്കളെ കൂടാതെ ഹർജി തീർപ്പു ചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തുന്നു.

തിരുവനന്തപുരം, എന്ന്, 15.3.2019. ഹർജിക്കക്ഷിഭാഗം അഡ്വക്കേറ്റ് (ഒപ്പ്) പി. ശശിധരൻ നായർ.

തിരുവനന്തപുരം നഗരസഭ
ജനകീയാസൂത്രണ വിഭാഗം
ദർഘാസ് പരസ്യം

J3/SOO17/19 16.03.2019

തിരുവനന്തപുരം നഗരസഭയുടെ 2019-20 വർഷത്തെ തനൽ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം വാഹനങ്ങൾ വാടകയ്ക്കു നൽകുന്നതിന് അംഗീകൃത ഏജൻസികൾ/വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് മത്സര സ്വഭാവത്തോടുകൂടിയ മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ നോട്ടീസ് ബോർഡിലും നഗരസഭാ വെബ് സൈറ്റായ www.corporationoftrivandrum.in-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഒപ്പ്) ഹെൽത്ത് ഓഫീസർ

SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്
RACPC, ചൈൽഡ് വെൽഫയർ കോംപ്ലക്സ്, LMS കോമ്പൗണ്ട്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033

ചുവടെ പ്രസ്താവിക്കുന്ന വായ്പക്കാർ/കൂട്ടുവായ്പക്കാർ/ജാമ്യക്കാർ ടിയാന്മാർ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ മുതലും പലിശയും തിരിച്ചടവ് വീഴ്ച വരുത്തിയതിനാൽ ടി വായ്പകൾ നിഷ്ക്രിയ ആസ്തി (എൻ.പി.എ.) യുടെ ഗണത്തിൽപ്പെടുത്തിയിരിക്കുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 വകുപ്പ് 13(2) പ്രകാരം ടിയാന്മാർക്ക് അവരുടെ അറിയപ്പെടുന്ന അവസാനത്തെ വിലാസങ്ങളിൽ നോട്ടീസ് അയച്ചിട്ടുള്ളതും ആയത് കൈപ്പറ്റാതെ മടങ്ങിയിരിക്കുന്നു. ആയതിനാൽ ഈ പൊതു നോട്ടീസ് മുഖേന തെര്യപ്പെടുത്തുന്നതുമാകുന്നു.

ക്രമ നം.	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും വിലാസവും	നോട്ടീസ് തീയതി	NPA തീയതി	നോട്ടീസ് തീയതിയിലെ നിൽപ്പ് തുക
ശാഖ : ശാസ്തമംഗലം	A/c.No.67375161282	12.02.2019	06.02.2019	Rs.3,32,884.00 as on 12.02.2019
1	ശ്രീ. തങ്കപ്പൻ. ഇ. പി, എണ്ണക്കോണത്ത് ഹൗസ്, പഴംതോട്ടം പി.ഒ., എറണാകുളം കൂടാതെ കൂടാതെ ശ്രീ. തങ്കപ്പൻ. ഇ. പി, മീറ്റർ ഇൻസ്പെക്ടർ, സെൻട്രൽ സബ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, വെള്ളയമ്പലം, തിരുവനന്തപുരം			
വാഹന വിവരണം: Maruti Suzuki Wagon R Vxi, ഒജി നമ്പർ. KL-01-BZ-231				
ശാഖ : ശാന്തിനഗർ	A/c.No.67069321177	02.02.2019	31.01.2019	Rs.11,47,153.00 as on 02.02.2019
2	ശ്രീ. രതീഷ്. എസ് & ശ്രീമതി. സോണിയ രതീഷ്, സൈമൺ വില്ല, റ്റി.സി.1/848, കഴക്കൂട്ടം പി.ഒ., തിരുവനന്തപുരം-695582			

ജാമ്യ വസ്തുക്കളുടെ വിവരണം : തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ സർവ്വെ നം. 151/28-1 ൽ ഉൾപ്പെട്ടതും ശ്രീ. രതീഷ്. എസ് & ശ്രീമതി. സോണിയ രതീഷ് എന്നിവർ പേരിൽ സിദ്ധിച്ച 7.79 ആർസ് വസ്തുവും തന്നകത്തുള്ള റ്റി.സി. 2/848-ാം നമ്പർ കെട്ടിടം ഉൾപ്പടെ സകലവകകളും. അതിരുകൾ : വടക്ക്: റോഡ്, തെക്ക്: ശ്രീ. എം.വി. ജോൺസൺ വക വസ്തു, കിഴക്ക്: സജികുമാർ വക വസ്തു, പടിഞ്ഞാറ്: റോഡ്

നോട്ടീസ് പതിച്ച് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എടുത്തിട്ടുള്ളതാകുന്നു. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന വായ്പക്കാർ/ജാമ്യക്കാർ ഈ നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ടി നോട്ടീസിൽ പ്രതിപാദിക്കുന്ന തുക ബാങ്കിൽ അടക്കേണ്ടതും അല്ലാത്തപക്ഷം 60 ദിവസങ്ങൾക്ക് ശേഷം ടി നിയമത്തിന്റെ 13 (4) അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിക്കുന്നു. ടി SARFAESI Act ന്റെ 13(8)-ാം വകുപ്പ് അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ മുഴുവൻ ബാദ്ധ്യതയും തീർത്തു പണയ വസ്തു കടക്കാർക്ക് വിടുതൽ ചെയ്തു എടുക്കാവുന്നതാകുന്നു.

സ്ഥലം : തിരുവനന്തപുരം
തീയതി : 19.03.2019

(ഒപ്പ്) (അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ),
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

നമ്പർ : ഇ7-6775/18

എക്സൈസ് ഡിവിഷൻ ഓഫീസ്, എറണാകുളം-682018, Ph. 0484-2390657
E-mail:aecedoekm@yahoo.com, decekm.exc@kerala.gov.in
തീയതി : 06.03.2019.

നോട്ടീസ്

മൂവാറ്റുപുഴ എക്സൈസ് റേഞ്ച് ഓഫീസിലെ അബ്കാരി ക്രൈം 13/18 നമ്പർ കേസിൽ ഉൾപ്പെട്ട KL-07-AS-9336 എന്ന രജിസ്ട്രേഷൻ നമ്പറുള്ള ആട്ടോറിക്ഷ അബ്കാരി ആക്റ്റ് 67(B) വകുപ്പുപ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തി 15 ദിവസത്തിനകം എറണ